# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1147 — 02.05.2017 ൽ മറുപടിയ്ക്ക്

## വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ | ഉത്തരം<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; ഇതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്ററുകളിൽ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3000/- രൂ. നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് ജി എ പി സർട്ടിഫിക്കേഷൻ നൽകി "കേരള ഓർഗാനിക്' എന്ന ലേബലിൽ വിപണനം നടത്തി വരുന്നു<br><br>കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിരക്കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500/- രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷൻ മുഖേന ഉപഭോക്താക്കൾക്ക് വിൽപന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകി.<br><br>ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് അവാർഡ് നൽകുന്നതിലേയ്ക്ക് 123 ലക്ഷം രൂപ വിനിയോഗിച്ചു. പരമ്പരാഗത കൃഷി വികാസ് യോജന എന്ന കേന്ദ്ര പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകി വരുന്നു. |
| (ബി) ഓരോ നിയോജക മണ്ഡലത്തിലും വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിക്കാൻ പ്രോത്സാഹനം നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തുമോ; | (ബി) വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് രൂപീകരിക്കപ്പെട്ട ക്ലസ്റ്ററുകളിൽ നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് ഉൽപാദനം നടത്തിവരുന്നു. ഇതിനായി നിയോജക മണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ഫണ്ട് വകയിരുത്തുന്നതാണ്. മണ്ഡലാടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് എം.എൽ.മാർക്ക് പദ്ധതി തയ്യാറാക്കാവുന്നതാണ്. ഏറ്റവും നല്ല രീതിയിൽ ജൈവ കൃഷി നടപ്പിലാക്കുന്ന മണ്ഡലങ്ങളിലെ എം.എൽ.എ മാർക്കും മണ്ഡലങ്ങൾക്കും സംസ്ഥാനതല അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ( ഒന്നാം സ്ഥാനം 15 ലക്ഷം , രണ്ടാം സ്ഥാനം 10 ലക്ഷം, മൂന്നാം സ്ഥാനം 5 ലക്ഷം രൂപ) |

(സി) 2011 ജൂൺ മുതൽ 2017 മാർച്ച് മാസം വരെ വിഷരഹിത പച്ചക്കറി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

സി) വിശദവിവരം ചുവടെ ചേർക്കുന്നു.

| **വർഷം** | **വകയിരുത്തിയ തുക** | **ചെലവഴിച്ച തുക** |
|---|---|---|
| 2011-12 | 22.475 | 22.475 |
| 2012-13 | 164.07 | 163.29276 |
| 2013-14 | 940.00 | 925.51705 |
| 2014-15 | 256.9116 | 256.50373 |
| 2015-16 | 529.44064 | 524.25 |
| 2016-17 | 1138.04000 | 1008.89465 |

**സെക്ഷൻ ഓഫീസർ**